(സി) റേഷൻ വിതരണരംഗത്തെ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ നിലവിലുള്ള സംവിധാനം തികച്ചും ഫലപ്രദമാണ്.

(ഡി) ക്രമക്കേടുകൾ നടത്തിയതായി കണ്ടുപിടിക്കപ്പെടുന്ന വ്യാപാരികളുടെ ലൈസൻസ് റദ്ദുചെയ്യുക, ദുർവിനിയോഗം ചെയ്ത റേഷൻസാധനങ്ങളുടെ വില ഈടാക്കുക, ജാമ്യസംഖ്യ കണ്ടുകെട്ടുക തുടങ്ങിയ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

16 (*166) ലോകാരോഗ്യ സംഘടനയിൽനിന്നും സംസ്ഥാന ആരോഗ്യവകുപ്പിന് ലഭിക്കുന്ന സാമ്പത്തികസഹായം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകാരോഗ്യ സംഘടനയിൽനിന്നും സംസ്ഥാന ആരോഗ്യ വകുപ്പിന് രോഗപ്രതിരോധത്തിനും രോഗ നിർമ്മാർജനത്തിനും എന്തെങ്കിലും സാമ്പത്തികസഹായം ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ടിയാണ് സാമ്പത്തികസഹായം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ 1996-97-മുതൽ 1998-99 മാർച്ച് 31 വരെ ഓരോ ഇനത്തിലും എത്ര തുകവീതം ലഭിച്ചു എന്നു വ്യക്തമാക്കുമോ;

(ഡി) ഓരോ ഇനത്തിലും എന്തു തുക വീതം ഈ കാലഘട്ടത്തിൽ ഓരോ വർഷവും ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനത്തിനായി രണ്ട് കൺസൾട്ടന്റുമാരുടെ വേതനവും, പോളിയോ നിർമ്മാർജ്ജനത്തിനായി ഒരു നിരീക്ഷണ ഉദ്യോഗസ്ഥന്റെ വേതനവും ലോകാരോഗ്യസംഘടന നൽകി വരുന്നു.

(ബി)-(ഡി) ചികിത്സയ്ക്കായി സഹായം ലഭിക്കുന്നില്ല.

17 (*167) താലൂക്ക് ആശുപത്രികളുടെ വികസനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്;

(ബി) ആശുപത്രികളിൽ വരുന്ന രോഗികളുടെ എണ്ണം കണക്കിലെടുത്താണോ ഡോക്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഒരു താലൂക്ക് ആശുപത്രിയിൽ സ്പെഷ്യലൈസ് ചെയ്ത ഏതെല്ലാം വിഭാഗങ്ങൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly